2. അയൽക്കൂട്ടങ്ങളിലെ അംഗസംഖ്യ 20-ൽ കൂടാൻ പാടുള്ളതല്ല.

3. NBCFDC മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളും മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.

4. കടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 81,000 രൂപയിൽ താഴെയും നഗരപ്രദേശങ്ങളിൽ 1,03,000 രൂപയിൽ താഴെയുമുള്ള വ്യക്തികൾക്ക് മാത്രമേ വായ്പ അനുവദിക്കാനാവുകയുള്ളൂ.

5. വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന് നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നത് വായ്പാ തുക വിനിയോഗിക്കേണ്ടതാണ്.

6. ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ 25,000 രൂപ.

പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സഹായം

336 (1025) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പിന്നോക്ക വികസന വകുപ്പിൽനിന്നും പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളും ആനുകൂല്യങ്ങളുമാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ യഥാവിധി ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ യഥാവിധി സമയബന്ധിതമായി അനുവദിക്കുന്നുണ്ട്. ആയത് സംബന്ധിച്ചുള്ള വിവരങ്ങൾ വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ മേഖലാ ഓഫീസർമാരുടെ പ്രതിമാസ യോഗംചേരുകയും ഫീൽഡുതല സന്ദർശനം നടത്തി സ്ഥാപനങ്ങൾ പരിശോധിച്ച് വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly